(ഇ) ഉണ്ടെങ്കിൽ മറ്റ് വകുപ്പുകളിലേയ്ക്കുള്ള ഈ തസ്തികകളിലെ നിയമനത്തിന് ഇല്ലാത്ത ഇന്റർവ്യൂ ഇതിന് ഏർപ്പെടുത്തുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലേയ്ക്കും 14 ജില്ലാ സഹകരണബാങ്കുകളിലേയ്ക്കും ഉള്ള നിയമനങ്ങളാണ് പി.എസ്.സി. വഴി നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇവയിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ, പ്യൂൺ തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തെരെഞ്ഞടുക്കുന്നതിന് പി.എസ്.സി. എഴുത്തു പരീക്ഷ നടത്തിക്കഴിഞ്ഞു. തെരെഞ്ഞടുക്കപ്പെട്ടവരുടെ ലിസ്റ്റ് പരസ്യം ചെയ്തിട്ടില്ല. അതിനാൽ പി.എസ്.സി. വഴി ഇതുവരെ നിയമനം നടത്തിയിട്ടില്ല. മറ്റ് 15 അപ്പക്സ് സംഘങ്ങൾ നേരിട്ട് നിയമനം നടത്തുന്നതിനുള്ള തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. യെ അറിയിക്കുന്ന മുറയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനം നടത്തുന്നതാണ്.

(ബി) ഇത്തരം ഒഴിവുകളിൽ നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ള ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ തുടർച്ചയായി 180 ദിവസത്തിൽ കൂടാത്ത കാലയളവിലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

(സി) പി.എസ്.സി. നിയമന ശുപാർശകൾ നൽകുമ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചുവിടുന്നതാണ്.

(ഡി&ഇ) ക്ലാർക്ക്, കാഷ്യർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് ഇന്റർവ്യൂ നടത്തുന്ന കാര്യം പി.എസ്.സി. യുടെ റൂൾസ് ഓഫ് പ്രൊസിഡ്യുവർ പ്രകാരമാണ് തീരുമാനിക്കുന്നത്.

സഹകരണ വകുപ്പിലെ നിയമനം

102(318) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനങ്ങളിലെ സാമുദായിക സംവരണം അറിയാതെ സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ തസ്തികകളിൽ നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി. വഴി അല്ലാതെ തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നടത്തുമ്പോൾ സാമുദായിക സംവരണതത്വം പാലിക്കാറുണ്ടോ ;

(സി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം സംബന്ധിച്ച് സപെഷ്യൽ റൂൾസ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഓപ്പൺ കാറ്റഗറിയിൽപ്പെട്ടവരുടെയും സർവ്വീസ് കാറ്റഗറിയിൽപ്പെട്ടവരുടെയും നിയമനം സംബന്ധിച്ചുള്ള കാറ്റഗറി വ്യവസ്ഥ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ വകുപ്പിൽ കഴിഞ്ഞ പത്തുവർഷക്കാലത്തേയ്ക്ക് എത്ര പേരെ ഓപ്പൺ കാറ്റഗറിയിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരായി നിയമിച്ചു എന്നും എത്രപേർക്ക് തസ്തികമാറ്റം വഴിയും പ്രൊമോഷൻ വഴിയും നിയമനം നൽകിയെന്നും വ്യക്തമാക്കാമോ ;

(ഇ) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ നിയമനത്തിൽ അൻപതു ശതമാനത്തിലധികം നിയമനം സർവ്വീസ് കാറ്റഗറിയിലുള്ള വിഭാഗത്തിന് മാറ്റിവച്ചിട്ടുള്ളത് സുപ്രീം കോടതി വിധിയ്ക്ക് വിരുദ്ധമാണെങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കാമോ ;

(എഫ്) സാമുദായിക സംവരണ തത്വങ്ങൾ പാലിക്കപ്പെടേണ്ട ഓപ്പൺ കാറ്റഗറിയിൽ നിന്നുള്ള നിയമനം നടത്തിക്കൊണ്ട് സ്പെഷ്യൽ റൂൾ നിയമനങ്ങൾ പാലിക്കാതെ സർവ്വീസ് കാറ്റഗറിയിൽ നിന്നും നിയമനം നൽകിയിട്ടുള്ളവരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽ നിന്നും ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദ്യോഗക്കയറ്റം നൽകുമ്പോൾ സാമുദായിക സംവരണം പാലിക്കുന്നതിന് ഇപ്പോൾ നിയമത്തിൽ വ്യവസ്ഥയില്ല.

(സി) സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. ജൂനിയർ ഇൻസ്പെക്ടർമാരുടെ നിയമനം താഴെപ്പറയുന്ന രീതിയിലാണ് നടത്തിയത്.

1. നേരിട്ട് നിയമനം.
2. സഹകരണ വകുപ്പിലോ മറ്റു വകുപ്പുകളിലോ ഉള്ള യോഗ്യരായ യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റുമാർ ഇവരിൽ നിന്നുള്ള ട്രാൻസ്ഫർ നിയമനം.
3. വി.ഇ.ഒ. മാരിൽ നിന്നും ബൈ ട്രാൻസ്ഫർ വഴി നിയമനം.

മേൽപ്പറഞ്ഞ നിയമനങ്ങൾ 2:2:1 എന്ന അനുപാതത്തിലാണ് നടത്തിയത്.

(ഡി) കഴിഞ്ഞ പത്തുകൊല്ലക്കാലമായിട്ട് സഹകരണ വകുപ്പിൽ ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

(എ) നേരിട്ടുള്ള നിയമനം - 764.

(ബി) യു.ഡി.ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തന്നെ ട്രാൻസ്ഫർ വഴി നിയമനം - 928

(സി) വി.ഇ.ഒ. മാരിൽ നിന്നും ബൈ ട്രാൻസ്ഫർ വഴി നിയമനം- 100.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജൂനിയർ ഇൻസ്പെക്ടർമാരുടെ നിയമനത്തിന് (സി) ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നതുപോലെ 2:2:1 എന്ന അനുപാതമാണ് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(എഫ്) ചോദ്യം 'സി' യ്ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

സംസ്ഥാന സഹകരണ ബാങ്കിലെ ജനറൽ മാനേജരുടെ തസ്തിക

103(319) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ജനറൽ മാനേജരുടെ തസ്തിക നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക എന്നു മുതലാണ് നിലവിൽ വന്നത് ;

(ബി) ജനറൽ മാനേജർ തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തസ്തികയിലേയ്ക്കുള്ള നിയമനവ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; ബന്ധപ്പെട്ട ചട്ടങ്ങളുടെ ഒരു കോപ്പി ലഭ്യമാക്കാമോ ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ ബാങ്കുകളിലേയും നിയമനം പി.എസ്.സി.ക്ക് വിട്ടുകൊണ്ട് നിയമനിർമ്മാണം നടത്തിയശേഷം ഏറ്റവും ഉയർന്ന തസ്തികകളിൽ പ്രമോഷൻ മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത്തരത്തിൽ നിയമനം നടത്തിയതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 2 തസ്തികകൾ നിലവിലുണ്ട്. ഒരു സ്ഥിരം തസ്തികയും ഒരു താല്ക്കാലിക തസ്തികയും. സ്ഥിരം തസ്തിക സ്റ്റാഫ് പാറ്റേൺ നിലവിൽ വന്ന തീയതി മുതലും താല്ക്കാലിക തസ്തിക 1993 മുതലുമാണ് നിലവിലുള്ളത്.

(ബി) 12000-400/10-16000-425/2-16850-450/2-17750-475/2-18700 രൂപയാണ് ശമ്പള സ്കെയിൽ .

(സി) 1-1-2000-ൽ നിലവിൽ വന്ന സഹകരണ നിയമ വ്യവസ്ഥ പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ കരാർ അടിസ്ഥാനത്തിലോ നിയമനം ആകാം.

(ഡി&ഇ) സംസ്ഥാന സഹകരണ ബാങ്കിൽ താല്ക്കാലിക ജനറൽ മാനേജർ തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. താൽക്കാലിക തസ്തിക ആയതിനാലും ഡെപ്യൂട്ടേഷൻ വഴി ആരേയും ലഭിക്കാതെ വന്നതിനാലുമാണ് ബാങ്ക് കരാർ നിയമനം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly